ഗ്രാൻറ് കൊടുക്കുകയുള്ളൂ. അങ്ങനെ അനേപക്ഷണത്തിന് അർഹതയുള്ള സ്ഥാപനങ്ങൾക്കു ഗ്രാൻറ് കൊടുത്തിട്ടുണ്ട്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : തുച്ഛികരമായി നടത്തുന്ന സ്ഥാപനങ്ങൾക്ക് ഗ്രാൻറ് നൽകിയിട്ടില്ലെന്ന ബോദ്ധ്യപ്പെടുത്തിയാൽ അതിനെപ്പറ്റി അനേപക്ഷിക്കുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : തീർച്ചയായും അനേപക്ഷിക്കാം.

മുനിസിപ്പാലിറ്റികളുടെ വികസനം.

* 485. [17] ശ്രീ. കുട്ടപ്പൻ കോയിക്കൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1955 ജനുവരിക്കുശേഷം സംസ്ഥാനത്തെ ഏതെല്ലാം മുനിസിപ്പാലിറ്റികളാണ് വികസിപ്പിച്ചിട്ടുള്ളത്;

(ബി) എന്നാണ്;

(സി) പുതുതായി വികസിപ്പിച്ചിട്ടുള്ള മുനിസിപ്പാലിറ്റികളിൽ ഇപ്പോൾ ചേർത്തിട്ടുള്ള സ്ഥലത്തെ പ്രതിനിധീകരിക്കുന്നതിന് മുനിസിപ്പൽ കൗൺസിലുകളിൽ ആരെയെങ്കിലും തിരഞ്ഞെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) കായംകുളം.

(ബി) 1-4-1955 മുതൽ

(സി) ഇല്ല. പുതുതായി ചേർത്ത പ്രദേശങ്ങൾ മുമ്പുണ്ടായിരുന്ന പല വാർഡുകളിലായി ചേർത്തതിനാൽ പ്രത്യേകിച്ച് ഒരു പ്രതിനിധിയുടെ ആവശ്യം ഉണ്ടായില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : ഇങ്ങനെ മുനിസിപ്പാലിറ്റികൾ വികസിപ്പിക്കുമ്പോൾ, പഞ്ചായത്തുകളുടെ കുറെ ഭാഗം വികസനത്തിൽ ഉൾപ്പെട്ടാൽ ബാക്കി വരുന്ന പ്രദേശങ്ങൾ ഒരു പഞ്ചായത്തായി നിൽക്കാൻ കഴിയാതെവരികയില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ : പഞ്ചായത്തുകൾ അങ്ങനെ തനിയെ നിൽക്കാൻ സാദ്ധ്യമല്ലാതെ വന്നാൽ അതു അടുത്ത പഞ്ചായത്തുകളുമായി ചേർക്കും.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : കീരിക്കാട് പഞ്ചായത്തു അടുത്ത ഏതെങ്കിലും പഞ്ചായത്തുമായി ചേർക്കാൻ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അനേപക്ഷിച്ചു മറുപടി പറയാം.

Allotment of land to Anglo-Indians.

* 486 [18] SHRI A. A. D. LUIZ: Will the Minister for Local Self Government be pleased to state whether any application for allotment of land was received from landless and

LIBRARY ARCHIVES Kerala Legislative Assembly